**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5272** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട എന്ന മാനദണ്ഡമനുസരിച്ചാണോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ ഭൂമി അനുവദിക്കുന്നത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സീനിയോറിറ്റി അനുസരിച്ചാണ്. വ്യവസായ ഭൂമിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ District Land Allotment Committee (DILAC) പരിഗണിച്ച്, അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തി ഓരോ പ്രോജക്ടിന്റെയും project viability കണക്കാക്കിയാണ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. തുടർന്ന് വ്യവസായ പ്ലോട്ടുകളിൽ ഭൂമി ഒഴിവു വരുന്ന മുറയ്ക്ക് മുൻഗണനാ ലിസ്റ്റ് അടിസ്ഥാനമാക്കി ക്രമാനുഗതമായാണ് സംരംഭകർക്ക് ഭൂമി അനുവദിക്കുന്നത്. |
| (ബി) | ഇപ്രകാരം ഭൂമി അനുവദിക്കുന്നതിനായി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിനാവശ്യമായ യോഗ്യതകൾ എന്തെല്ലാമാണെന്നുമുള്ളതിന്റെ വിശദവിവരം നൽകുമോ; | (ബി) | ജില്ലകളിൽ വ്യവസായ ഭൂമി അനുവദിക്കുന്നതിനായിട്ടുള്ള മുൻഗണനാ ലിസ്റ്റ് അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാൻ ആയിട്ടുള്ള District Land Allotment Committee (DILAC) ആണ് തയ്യാറാക്കുന്നത്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാനുള്ള യോഗ്യതകൾ ഇപ്രകാരമാണ്. നിശ്ചിത ഫീസ് അടവാക്കി പ്രോജക്ട് റിപ്പോർട്ട് സഹിതം ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. അപേക്ഷകരെ ചട്ടപ്രകാരം District Land Allotment Committee (DILAC) കമ്മിറ്റി ഇന്റർവ്യൂ നടത്തി മുൻഗണന കണക്കാക്കി ലിസ്റ്റ് തയ്യാറാക്കുന്നു. പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് അനുയോജ്യവും, വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികൾക്ക് മുൻഗണന നൽകുന്നു. കൂടാതെ നിക്ഷേപം, സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ, യൂണിറ്റിന്റെ ഉൽപ്പാദനക്ഷമത, അപേക്ഷകന് സംരംഭം നടത്തിക്കൊണ്ടു പോകുന്നതിനുള്ള കഴിവ്, സർക്കാരിലേക്കുള്ള റവന്യൂ വരുമാനം, പ്രദേശത്തെ |

| | | | |
|---|---|---|---|
| | | | മലിനീകരണ തോത് എന്നീ മാനദണ്ഡങ്ങളും പരിഗണിച്ചാണ് മുൻഗണന കണക്കാക്കുന്നത്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുൻഗണനാ ലിസ്റ്റ് മറികടന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ എവിടെയെല്ലാം ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ആർക്കെല്ലാമാണ് ഭൂമി അനുവദിച്ചതെന്നുമുള്ളതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഭൂമി അനുവദിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് മറികടന്നുകൊണ്ട് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ വ്യവസായ ഭൂമി അനുവദിച്ചിട്ടുണ്ട്. അപ്രകാരം അനുവദിച്ച ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - മെ.അനന്തപുരം പപ്പടം ക്ലസ്റ്റർ - 46.97 സെന്റ് എറണാകുളം (എടയാർ വ്യവസായ ഏരിയ) – മെ.സീ ക്വീൻ എൻവയോൺമെന്റൽ സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് - 2 ഏക്കർ |
| (ഡി) | ഇപ്രകാരം ഭൂമി അനുവദിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ഡി) | മുൻഗണന മറികടന്ന് വ്യവസായ ഭൂമി അനുവദിച്ചതിന്റെ കാരണം ചുവടെ ചേർക്കുന്നു. എ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ ക്ലസ്റ്റർ ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കോമൺ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിനാണ് തിരുവനന്തപുരം ജില്ലയിൽ മുൻഗണനാ ലിസ്റ്റ് മറികടന്ന് ഭൂമി അനുവദിച്ചത്. ബി) 29/12/2020ലെ സ.ഉ.(കൈ) നം.311/2020/റവന്യൂ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനിമൽ വേസ്റ്റ് റെൻഡറിംഗ് കൺസ്ട്രക്ഷൻ ഡീമോളിഷൻ വേസ്റ്റ് പ്രോസസ്സ് ആൻഡ് റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാനാണ് എറണാകുളം ജില്ലയിൽ മുൻഗണനാ ലിസ്റ്റ് മറികടന്ന് ഭൂമി അനുവദിച്ചത്. |

സെക്ഷൻ ഓഫീസർ